മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില സംഭവങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. 6-8-2005-ന് തമിഴ്നാട് സ്വദേശി രാജേന്ദ്രനെ കൊലപ്പെടുത്തിയ കേസിൽ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. സെയ്തലവിയെ പൂർവ്വവൈരാഗ്യംവച്ച് മുരളി എന്നയാൾ കൊലപ്പെടുത്തി. അതിലെ പ്രതികളെ തിരിച്ചറിഞ്ഞു. കേസ് രജിസ്റ്റർ ചെയ്ത് ഒളിവിൽ പോയ പ്രതികളെ അറസ്റ്റ് ചെയ്യാൻ വേണ്ടിയുള്ള ഊർജ്ജിത അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ പറഞ്ഞ സാബിറ എന്ന യുവതി തൂങ്ങി മരിച്ചിരുന്നു. 27-7-2005-ന് വേലായുധൻ മുങ്ങി മരിച്ചു. 65 വയസ്സുള്ള താമി എന്നയാൾ വിഷം കഴിച്ച് മരിച്ചു. ഈ കാര്യങ്ങൾക്കെല്ലാം അസ്വാഭാവിക മരണം എന്ന പേരിൽ കേസ് എടുത്തിട്ടുണ്ട്. ഉമ്മുക്കുൽസു എന്ന സ്ത്രീ തീകത്തി മരിച്ചതായി കിട്ടിയ പരാതിയുടെമേൽ പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. 38 വയസ്സുള്ള ഹരിദാസൻ വിഷം കഴിച്ച് മരിച്ചതായിട്ടാണ് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കാം. ഉമ്മുക്കുൽസു തീകത്തിയാണ് മരിച്ചിട്ടുള്ളത്. അത് പ്രത്യേകം അന്വേഷിക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്. സംശയാസ്പദമായ നിലയിൽ വന്നിട്ടുള്ള കേസുകൾ അന്വേഷിക്കും അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി)

(3) തൃശ്ശൂർ ജില്ലയിലെ കെ. രാജൻ എന്നയാളുടെ കൊലപാതകം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ പ്ലാങ്ങാട് കാട്ടിലപ്പള്ളിക്കുസമീപം വളരെ വർഷങ്ങളായി കച്ചവടം ചെയ്തുവരികയായിരുന്ന കൊല്ലം സ്വദേശി കുളങ്ങരത്ത് രാജൻ എന്നയാൾ 3-7-2005-ന് ദാരുണമായ നിലയിൽ രാത്രിയിൽ അദ്ദേഹത്തിന്റെ കടയിൽത്തന്നെ കൊലചെയ്യപ്പെട്ടതായി കാണാനിടയായി. നാട്ടുകാർ എല്ലാവരും ഒറ്റക്കെട്ടായി ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടും ഇതുവരെ ഫലപ്രദമായ അന്വേഷണം പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ചിലരെയൊക്കെ ചോദ്യംചെയ്തു എന്നതൊഴിച്ചാൽ പ്രതികളെ കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. അതുകൊണ്ട് കേസന്വേഷണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ച്, അന്വേഷണം ത്വരിതപ്പെടുത്തി ഉത്തരവാദികളായവരെ പുറത്തുകൊണ്ടുവരണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, 62 വയസ്സുള്ള രാജനെ കൈകാലുകൾ കെട്ടി തലയ്ക്കടിച്ച് കൊലപ്പെടുത്തിയ നിലയിലാണ് കാണപ്പെട്ടത്. ഒരു മോതിരവും ഒരു മൊബൈൽ ഫോണും അക്രമികൾ കവർച്ച ചെയ്തിരുന്നു. ഇതിനെ സംബന്ധിച്ചുള്ള അന്വേഷണം ശക്തമായി നടക്കുകയാണ്. 37 പേരെ ഇതിനകം ചോദ്യം ചെയ്ത് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. പ്രതികളെ വേഗത്തിൽ കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്താനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly